4028
9/4/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി - അങ്കണവാടി വർക്കർമാർക്കും സൂപ്പർവൈസർമാർക്കുമുള്ള തീം & ആക്ടിവിറ്റി ചാർട്ടിനെ സംബന്ധിച്ച കൈപുസ്തകം പ്രിന്റ് ചെയ്യുന്നതിനുള്ള തുക STSB-96 അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം 218 /2015/സാനീവ　　　　തീയതി, തിരുവനന്തപുരം, 31.03.2015

---

പരാമർശം : (1) 08.08.2014 - ലെ സ.ഉ.(സാധാ)നം.508/2014 സാനീവ.
(2) 23.01.2015 - ലെ സ.ഉ.(പി)നം.48/2015/ധന.
(3) 21.03.2015-ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്/ബി2-14547/12(1) നമ്പർ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ അങ്കണവാടികളിലെ വർക്കർമാർക്കും സൂപ്പർവൈസർമാർക്കും വിതരണം ചെയ്യുന്നതിനായി അങ്കണവാടി തീം & ആക്ടിവിറ്റി ചാർട്ടിനെ സംബന്ധിച്ച കൈപുസ്തകം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് 70 ലക്ഷം രൂപ "2235-02-102-98 (P) 34 OC" എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച എല്ലാ ജോലികളും പൂർത്തീകരിച്ച് കൈപുസ്തകത്തിന്റെ 36,000 കോപ്പികൾ അച്ചടിച്ച് വിതരണം ചെയ്യുക എന്നത് ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാൽ ഇതിനായി അനുവദിച്ച 70 ലക്ഷം രൂപ ഇലക്ട്രോണിക്ക് ലെഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ലെ Clause C അനുസരിച്ച് 70 ലക്ഷം രൂപ (എഴുപത് ലക്ഷം രൂപ മാത്രം) സാമൂഹ്യനീതി ഡയറക്ടറുടെ പേരിലുള്ള STSB-96 അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.
കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (30.03.2015 - ലെ ww-/ww2/103/2015-Fin. നമ്പർ അനൗദ്യോഗിക കുറിപ്പ്)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ